# 13 -ാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 672** **02/12/2014 - ൽ മറുപടിയ്ക്ക്**

## ജനനി - ജന്മരക്ഷ ആരോഗ്യ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) അട്ടപ്പാടി ആദിവാസി മേഖലയിലെ നവജാത ശിശുക്കളുടെ മരണങ്ങൾ കഴിഞ്ഞ അഞ്ചു വർഷങ്ങളിലേത് പ്രത്യേകമായി ലഭ്യമാക്കുമോ; | (എ) കഴിഞ്ഞ 5 വർഷങ്ങളിലെ കണക്ക് താഴെ ചേർക്കുന്നു.<br>2010 - 5<br>2011 - 3<br>2012 - 16<br>2013 - 31<br>2014 - 13 (നവംബർ വരെ)<br>ആകെ - 68 |
| (ബി) ജനനി - ജന്മരക്ഷ ആരോഗ്യ പദ്ധതി പ്രകാരം ഈ സർക്കാറിന്റെ കാലത്ത് എത്ര തുക ഇവിടെ വിനിയോഗിച്ചിട്ടുണ്ടെന്ന് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ; | (ബി) 2013 -14 - 15,31,000/- രൂപ (പതിനഞ്ചു ലക്ഷത്തി മുപ്പത്തൊന്നായിരം രൂപ)<br>2014-15 - 14,91,000/- രൂപ (പതിനാലു ലക്ഷത്തി തൊണ്ണൂറ്റൊന്നായിരം രൂപ)<br>നാളിതുവരെ ആകെ 30,22,000/- രൂപ (മുപ്പത് ലക്ഷത്തി ഇരുപത്തി രണ്ടായിരം രൂപ) |
| (സി) പ്രസ്തുത മേഖലയിൽ നവജാത ശിശുക്കളുടെ മരണനിരക്ക് കുറയുന്നതുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതിയുടെ വിശദാംശം അറിയിക്കുമോ? | (സി) ജാതക് സോഫ്റ്റ് വെയർ ഉപയോഗിച്ചു കൊണ്ട് **SAM/MAM** കുട്ടികളെ കൃത്യമായി നിരീക്ഷിക്കുകയും, ഇവർക്ക് മൂന്ന് ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ മുഖേന പ്രത്യേക പരിചരണവും ചികിത്സയും പോഷകാഹാര വിതരണവും നടത്തി |

വരുന്നുണ്ട്. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ മുഖേന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മൂന്നു വയസ്സിന് താഴെയുള്ള തൂക്ക കുറവുള്ള കുട്ടികൾക്കും പ്രത്യേക പോഷകാഹാര വിതരണം നടത്തി വരുന്നു. വിവാഹം കഴിഞ്ഞിട്ടുള്ള സ്ത്രീകൾക്കും ഗർഭിണികൾക്കും അയൺ ഗുളികകൾ വിതരണം ചെയ്തു വരുന്നുണ്ട്.

101 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സമൂഹ അടുക്കളകൾ മികച്ച രീതിയിൽ നടത്തി വരുന്നു. ആരോഗ്യ പ്രവർത്തകർ, ആശാവർക്കർമാർ, പട്ടികവർഗ്ഗ പ്രമോട്ടർമാർ എന്നിവർ മുഖേന ഗർഭിണികളെ കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ